8400
14|2|20

കേരള സർക്കാർ

<u>സംഗ്രഹം</u>

പിന്നാക്ക വിഭാഗ വികസന വകുപ്പ് - ശ്രീ. ഗോപിനാഥൻ ആചാരിയ്ക്ക് പരമ്പരാഗത കരകൗശല വിദഗ്ദ്ധർക്കുള്ള ടൂൾ കിറ്റ് ഗ്രാന്റ് പദ്ധതി ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ.ഉ.(സാധാ) നം.04/2020/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 04.01.2020.

================================================================

പരാമർശം:- 1. ശ്രീ. ഗോപിനാഥൻ ആചാരി ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച 02.08.2018 -ലെ നിവേദനം.

2. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 06.12.2019 -ലെ BCDIR/417/2019-B1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വിശ്വകർമ്മ-ആശാരി സമുദായത്തിൽപ്പെട്ട 71 വയസ്സുള്ള ശ്രീ.ഗോപിനാഥൻ ആചാരിക്ക് സ്വന്തമായ വസ്തുവോ വീടോ ഇല്ലാത്ത വ്യക്തിയാണെന്നും ഒരു ബന്ധുവിന്റെ വീട്ടിലാണ് താമസ മെന്നും, തന്റെ മൂത്ത മകൻ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടുവെന്നും, 40 വയസ്സുള്ള മകൻ ഭിന്നശേഷിക്കാരനാണെന്നും പുറത്തുപോയി കുലത്തൊഴിൽ ചെയ്യാൻ സാധിക്കാത്തതിനാൽ ഒരു ചെറിയ കടയിട്ട് കുടുംബം പുലർത്തുന്നുവെന്നും, അപേക്ഷകനും ഭാര്യയും രോഗികളാ ണെന്നും, പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും ഭിന്നശേഷിക്കാർക്ക് പണി ആയുധങ്ങളും സഹായവും കിട്ടുന്ന അപേക്ഷ സമർപ്പിക്കേണ്ടുന്ന സമയത്ത് താനും മകനും ആശുപത്രിയിൽ ആയതിനാൽ അപേക്ഷ കൊടുക്കുവാൻ സാധിച്ചില്ലെന്നും അപേക്ഷ കൊടുക്കുവാൻ താമസം നേരിട്ടത് മാപ്പാക്കി, അപേക്ഷ സ്വീകരിച്ച് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കണമെന്ന് ബഹു. മുഖ്യമന്ത്രി മുമ്പാകെ അപേക്ഷിക്കുകയുണ്ടായി.

2. ഇത് സംബന്ധിച്ച് പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും നടത്തിയ അന്വേഷണ ത്തിൽ പരാതിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ശരിയാണെന്ന് ബോധ്യപ്പെടുകയും ഭാര്യയുടെയും, മകന്റെയും തന്റെയും മരുന്ന് വാങ്ങാൻ പോലും ബുദ്ധിമുട്ടുന്ന ശ്രീ. ഗോപിനാഥൻ ആചാരിയെ പരമ്പരാഗത കരകൗശല വിദഗ്ദ്ധർക്കുള്ള ടൂൾ കിറ്റ് ഗ്രാന്റ് പദ്ധതി പ്രകാരം ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് മാനദണ്ഡങ്ങളിലെ 60 വയസ്സ് എന്ന ഉയർന്ന പ്രായപരിധിയിൽ ഇളവ് വരുത്തി ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(.....2)

3. സർക്കാർ ഇക്കാര്യം വ്യക്തമായി പരിശോധിക്കുകയും ശ്രീ. ഗോപിനാഥൻ ആചാരിയുടെ അപേക്ഷ ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് "പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള ടൂൾ കിറ്റിനുള്ള ധനസഹായ പദ്ധതി" -യിൽ പദ്ധതി മാനദണ്ഡങ്ങളിലെ 60 വയസ്സ് എന്ന ഉയർന്ന പ്രായപരിധിയിൽ ഇളവ് വരുത്തി ടിയാന് ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി.എൻ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ശ്രീ. ഗോപിനാഥൻ ആചാരി, പുണർത്ഥം ഹൗസ്, കൈതക്കൽ, കുറ്റിച്ചൽ, മണ്ണൂർക്കര, കാട്ടാക്കട, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ്), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ